# Eighth India-Armenia IGC Meeting at Yerevan

July 04, 2022

---

## എട്ടാമത് ഇന്ത്യ-അർമേനിയ ഐ ജി സി യോഗം യെരേവാനിൽ

ജൂലൈ 04, 2022

ഇന്ത്യ-അർമേനിയ ഇന്റർഗവൺമെന്റൽ കമ്മീഷൻ ഓഫ് ട്രേഡ്, ഇക്കണോമിക്, സയന്റിഫിക് ആൻഡ് ടെക്നോളജിക്കൽ, കൾച്ചറൽ ആൻഡ് എഡ്യൂക്കേഷണൽ കോ-ഓപ്പറേഷൻ (IGC) യുടെ എട്ടാമത് സെഷൻ 2022 ജൂലൈ 04 ന് യെരേവാനിൽ നടന്നു.വിദേശകാര്യ മന്ത്രി ശ്രീ.അരാരത്ത് മിർസോയൻ അർമേനിയൻ പ്രതിനിധി സംഘത്തെയും വിദേശകാര്യമന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) ശ്രീ സഞ്ജയ് വർമ ഇന്ത്യൻ പ്രതിനിധി സംഘത്തെയും  നയിച്ചു. 2016 ഏപ്രിലിലാണ് ഏഴാമത് ഐ ജി സി നടന്നത്. ഐജിസി കൺസൾട്ടേഷനുകൾക്ക് മുമ്പ്, സെക്രട്ടറിയെ (വെസ്റ്റ്) വിദേശകാര്യ മന്ത്രി  ശ്രീ. അരരത്ത് മിർസോയൻ ഒരു സ്വകാര്യ സംഭാഷണത്തിനായി ക്ഷണിച്ചു.

വ്യാപാരം, നിക്ഷേപം, ആരോഗ്യം, വിനോദസഞ്ചാരം, അടിസ്ഥാന സൗകര്യം, സംസ്‌കാരം, കണക്റ്റിവിറ്റി, വിവരസാങ്കേതികവിദ്യ, കൃഷി, ഫിൻടെക്, വിദ്യാഭ്യാസം തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലെ സഹകരണത്തിന്റെ നിലവിലെ അവസ്ഥ ഐ ജി സി യിൽ ഇരുപക്ഷവും ചർച്ച ചെയ്യുകയും അവലോകനം ചെയ്യുകയും ചെയ്തു. ഇന്ത്യയുടെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെയുള്ള അർമേനിയയിലെ ഹൈ ഇംപാക്ട് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ടുകൾ സംബന്ധിച്ച ധാരണാപത്രത്തിൽ ഇന്ത്യയും അർമേനിയയും ഒപ്പുവച്ചു.

സെക്രട്ടറി (വെസ്റ്റ്) അർമേനിയയുടെ ഉപപ്രധാനമന്ത്രി ശ്രീ. ഹംബാർഡ്സും മറ്റെവോസിയനെയും സന്ദർശിച്ചു. അദ്ദേഹം മഹാത്മാഗാന്ധിയുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തി. പിന്നീട് യെരേവൻ സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ (വൈ എസ എം യു ) യൂണിവേഴ്സിറ്റി റെക്ടർ ഡോ. അർമെൻ മുരാദ്യനോടൊപ്പം

ഒരു മഹാത്മാഗാന്ധി ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു. വൈഎസ്എംയുവിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുമായി സെക്രട്ടറി (വെസ്റ്റ്) സംവദിച്ചു.

**യെരേവൻ, അർമേനിയ**

**ജൂലൈ 04, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.